1. ഒരു സംസ്ഥാന ജൈവ കൃഷി സെൽ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

2. വിപണിയിൽ ലഭ്യമാകുന്ന ജൈവവളങ്ങളുടെയും മറ്റ് ജൈവ ഉല്പാദനോപാധികളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

   - നല്ല കൃഷി രീതികൾ (Good Agricultural practices) അവലംബിച്ച് ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ കാർഷിക വിപണി (Farmer market) ശക്തിപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

   - കേരളത്തിലെ 12 ജില്ലകളിലായി (കാസർഗോഡ്, വയനാട് ഒഴികെ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി നടപ്പിലാക്കുന്നതിനും 'പി.ജി.എസ്.' സർട്ടിഫിക്കേഷൻ നൽകുന്നതിനും പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന ജൈവവളങ്ങളുടെ ഉല്പാദനം വർദ്ധിപ്പിച്ച് അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

   - വരും തലമുറയിൽ ജൈവ കൃഷിയുടെ അവബോധം വളർത്തിയെടുക്കുവാൻ ഒരു വിദ്യാർത്ഥിയെത്തന്നെ ജൈവകൃഷിയുടെ അംബാസഡറായി പ്രഖ്യാപിച്ചുകഴിഞ്ഞു.

കാർഷിക ഉത്പന്നങ്ങളിലെ കീടനാശിനിപ്രയോഗം

188 (1660) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സുഗന്ധവ്യജ്ഞനങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനുമായി വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഏലം പോലുള്ള കാർഷിക ഉല്പന്നങ്ങളിൽ കീടനാശിനികളുടെ അമിത പ്രയോഗം വ്യാപകമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കീടനാശിനി പ്രയോഗത്തെ തടയാൻ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കീടനാശിനി പരിശോധനാമാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നും അവയുടെ കേന്ദ്രങ്ങൾ എവിടെയാണെന്നും അറിയിക്കാമോ;

(ഡി) കീടനാശിനി പ്രയോഗം കണ്ടെത്തുന്നതിനുള്ള പരിശോധനാ മാനദണ്ഡങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സുഗന്ധവ്യഞ്ജനങ്ങളുടെ ഉല്പാദനത്തിനായി വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും കണക്ക് ചുവടെ ചേർക്കുന്നു.

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ) ₹	ചെലവഴിച്ച തുക (ലക്ഷത്തിൽ) ₹
2011-12	650	645
2012-13	2028.37	1852.91
2013-14	2297.61	2288.34
2014-15	2160.34	2153.61
2015-16 (Oct. 31 വരെ)	1962.90	817.66

(ബി) ഇടുക്കി ജില്ലയിൽ ഏലത്തോട്ടങ്ങളിൽ അമിത കീടനാശിനി പ്രയോഗം സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതി ലഭിച്ചപ്പോൾ തന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് കീടനാശിനിയുടെ തത്വദീക്ഷയില്ലാത്ത ഉപയോഗംമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണ പരിപാടികൾ കൃഷിഭവൻ മുഖേന നടത്തിവരുന്നു. ആത്മയുടെ പ്രവർത്തനങ്ങളിൽ ടി വിഷയത്തിൽ ഊന്നൽ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. രാസകീടനാശിനികളുടെ ഉപയോഗം കഴിയുന്നത്ര കുറച്ച് ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾക്കാണ് കൃഷി വകുപ്പ് മുൻഗണന നൽകുന്നത്. ഏലത്തിന് ജൈവ കീടനാശിനികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് 50 ശതമാനം സബ്സിഡി സ്പൈസസ് ബോർഡ് നൽകി വരുന്നു. കൂടാതെ സംയോജിത കീടനിയന്ത്രണം സംബന്ധിച്ച ബോധവത്ക്കരണം ഇടുക്കി ജില്ലയിലെ പ്രധാന ഏലം കൃഷി മേഖലകളിൽ സ്പൈസസ് ബോർഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നുണ്ട്. കർഷകരുടെ ബോധവത്ക്കരണം വഴി സുരക്ഷിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ കേരള കാർഷിക സർവ്വകലാശാല പ്രചരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) കൃഷി വകുപ്പിന്റെ കീഴിൽ കീടനാശിനിയുടെ ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരത്തെ പാറോട്ടുകോണത്ത് ഒരു സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറി (SPTL) പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ലാബിൽ സംസ്ഥാനത്തെ വിവിധ കൃഷിഭവനുകളിലെ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ കീടനാശിനി സാമ്പിൾ പരിശോധനയ്ക്കായി അയയ്ക്കുകയും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജിൽ കീടനാശിനിയുടെ അവശിഷ്ടവിഷം പരിശോധിക്കുന്നതിനുള്ള കേന്ദ്രം പ്രവർത്തിക്കുന്നു. പൊതുവിപണിയിൽനിന്നും കർഷകരുടെ തോട്ടങ്ങളിൽ നിന്നും സുഗന്ധവ്യഞ്ജനങ്ങളുടെ സാമ്പിൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്ന പദ്ധതി കൃഷി വകുപ്പിന്റെ ധനസഹായത്തോടെ കാർഷിക കോളേജിൽ നടപ്പാക്കിയിട്ടുണ്ട്.

(ഡി) കീടനാശിനികളുടെ അവശിഷ്ടം പരിശോധിക്കുന്നതിനുള്ള അത്യാധുനിക സൗകര്യങ്ങൾ വെള്ളായണി കാർഷിക കോളേജിലെ ലബോറട്ടറിയിൽ ലഭ്യമാണ്. ഉത്പന്നങ്ങളുടെ പരിശോധനയിൽ കണ്ടെത്തുന്ന വിഷാംശത്തിന്റെ അളവിനെ മാനദണ്ഡമാക്കിയാണ് വിളയിൽ നടത്തിയ കീടനാശിനി പ്രയോഗം നിഷ്കർഷിച്ച രീതി അനുസരിച്ചായിരുന്നോ എന്ന് വിലയിരുത്തുന്നത്. കീടനാശിനി 100 കോടിയിൽ ഒരു അംശം വരെ അളക്കുന്ന ഗ്യാസ് ക്രൊമേറ്റോഗ്രാഫ്, മാസ്സ് സ്പെക്ട്രോമീറ്റർ തുടങ്ങിയ അത്യാധുനിക ഉപകരണങ്ങൾ മുഖേനയാണ് വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ " പരിശോധനകൾ നടത്തുന്നത്.

കാർഷിക പോളിടെക്നിക്കുകൾ

189 (1661) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കാർഷിക പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് ബഡ്ജറ്റ് പ്രഖ്യാപനം നടത്തിയിരുന്നോയെന്നും ഇത് നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്നും അറിയിക്കുമോ;

(ബി) പ്രസ്തുത സംരംഭത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ച തുക, ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത സംരംഭം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?